LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ആയുർവേദ കോളേജിന്റെ നിലവാരം ഉയർത്തുന്നതിന് നടപടി

165 [1745] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വൈദ്യുതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ആയുർവേദ കോളേജിന്റെ നിലവാരം ഉയർത്തുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ ആയുർവേദ കോളേജിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ദ്രവ്യഗുണ, ശാലാക്യതന്ത്ര എന്നീ ഡിപ്പാർട്ട്മെന്റുകളിൽ ഓരോ പ്രൊഫസർ തസ്തിക 2003-ൽ പുതുതായി സൃഷ്ടിച്ചു. കണ്ണൂർ ആയുർവേദ കോളേജ് ആശുപത്രിയിൽ ആയുർവേദ നഴ്സിന്റെ 3 തസ്തികകളും മാസ്സിയറുടെ 2 തസ്തികകളും പുതുതായി സൃഷ്ടിച്ചു. പുതിയ ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു.

(ബി) കണ്ണൂർ ആയുർവേദ കോളേജിന്റേയും ആശുപത്രിയുടേയും വികസനത്തിനായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ആയുർവേദ മരുന്നുകളും തയ്യാറിപ്പുകളും കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾ

166 [1746] ശ്രീ. ടി. എൻ. പ്രതാപൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
ശ്രീമതി രാധാരാഘവൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്ന് ആയുർവേദ മരുന്നുകളും തയ്യാറിപ്പുകളും (പ്രിപ്പറേഷൻസ്) കയറ്റുമതി ചെയ്യുന്ന എത്ര സ്ഥാപനങ്ങളുണ്ട്;

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്തുനിന്ന് എന്തു തുകയ്ക്കുള്ള ആയുർവേദ മരുന്നുകളും തയ്യാറിപ്പുകളും കയറ്റി അയച്ചു;

(സി) ഇവ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനം നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇവ കയറ്റുമതി ചെയ്യുന്ന കാര്യം പ്രസ്തുത പൊതുമേഖലാ സ്ഥാപനം പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) കേരളാ ലിമിറ്റഡ്, തൃശ്ശൂർ (ഔഷധി).

(ഡി) ആയുർവേദ മരുന്നുകൾ കയറ്റുമതി ചെയ്യുന്ന കാര്യം ഔഷധിയുടെ സജീവ പരിഗണനയിലുണ്ട്.

ആയുർവേദ വകുപ്പിലെ മാനവൽ പരിഷ്ക്കരണം

167 [1747] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ വകുപ്പിലെ മാനവൽ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ചർച്ചകൾ നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചർച്ച നടന്നിട്ടുണ്ട്.

(ബി ആന്റ് സി) നടപടികൾ സ്വീകരിച്ചുവരുന്നു.

ആയുർവേദ വകുപ്പ് പുതുതായി ആരംഭിക്കുന്ന പത്തനംതിട്ട, വയനാട് ആശുപത്രികൾക്ക് തസ്തികകൾ അനുവദിക്കുന്നതിന് നടപടി

168 [1748] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ വകുപ്പിൽ പുതുതായി പത്തനംതിട്ട, വയനാട് എന്നീ സ്ഥലങ്ങളിൽ അനുവദിച്ച 100 കിടക്കകൾ ഉള്ള ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ലേ സെക്രട്ടറി, നഴ്സിംഗ് സൂപ്രണ്ട് തസ്തികകൾ അനുവദിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള നടപടികൾ ഏതു ഘട്ടംവരെയായിയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly